20
2021
നവംബർ
ശനി
1197
വൃശ്ചികം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 189 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-189 പേജ് 4. വില 2.00 രൂപ

02 കർതാർപൂർ സാഹിബ് ഇടനാഴി വീണ്ടും തുറക്കും
03 സംസ്ഥാനത്തെ സമ്പൂർണ വാക്സിനേഷൻ 60 ശതമാനം
04 5754 പേർക്ക് കോവിഡ്; ഇന്നും 49 മരണം

# വിവാദ കാർഷികനിയമങ്ങൾ പിൻവലിക്കും



ന്യൂഡൽഹി : ഏഴു വർഷത്തോളം നീളുന്ന നരേന്ദ്ര മോദി ഭരണത്തിൽ പ്രതിഷേധത്തെ തുടർന്ന് കേന്ദ്രസർക്കാർ പൂർണമായും പിന്മാറുന്ന ആദ്യ സംഭവമാണ് മൂന്നു കൃഷി നിയമങ്ങൾ പിൻവലിക്കാനുള്ള തീരുമാനം. വിവാദമായ കൃഷി നിയമങ്ങൾ പിൻവലിക്കാതെ പിന്നോട്ടുപോകില്ലെന്ന് കർഷകർ ഉറപ്പിച്ച് പറഞ്ഞതോടെയാണ് കേന്ദ്രത്തിന്റെ മനം മാറ്റം.

അഞ്ച് സംസ്ഥാനങ്ങളിലേക്കു നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പും കേന്ദ്രത്തെ ഇത്തരത്തിലൊരു തീരുമാനത്തിലെത്തിച്ചു എന്നാണ് വിലയിരുത്തൽ. ഉപതിരഞ്ഞെടുപ്പിൽ തിരിച്ചടിയുടെ സൂചനയും ബിജെപിക്ക് ലഭിച്ചിരുന്നു. ഉത്തർപ്രദേശിൽ അടക്കം നൂറ് സീറ്റിന്റെ കുറവാണ് ബിജെപിക്ക് സർവേകൾ പ്രവചിച്ചത്.

ഇതോടെയാണ് ഇന്ധന വില കുറച്ചതിന് പിന്നാലെ കാർഷിക നിയമങ്ങളും പിൻവലിച്ചത്. അടുത്ത വർഷം നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചാബിൽ ബിജെപിക്ക് ഇത് നേട്ടമാകുമോ എന്ന ചോദ്യവും ഉയർന്നിട്ടുണ്ട്.

കർഷക പ്രക്ഷോഭം ഗൗരവമായി എടുക്കണമെന്ന നിർദേശം ആർഎസ്എസും പാർട്ടി നേതൃത്വത്തിനു നൽകി. ആർഎസ്എസ് ബിജെപി ഉന്നതതല ചർച്ച കഴിഞ്ഞ മാസം ഡൽഹിയിൽ നടന്നിരുന്നു. വിദ്യാഭ്യാസ നയം, സാംസ്കാരിക, സാമ്പത്തിക വിഷയങ്ങളിലെ അഭിപ്രായ സമന്വയമായിരുന്നു മുഖ്യ അജൻഡയെങ്കിലും കർഷക സമരവും ചർച്ചയിലുണ്ടായിരുന്നു. കർഷക പ്രക്ഷോഭം സംബന്ധിച്ച് വ്യക്തമായ നിലപാടുണ്ടാകണമെന്ന് ആർഎസ്എസ് നേരത്തേതന്നെ ചൂണ്ടിക്കാണിച്ചതാണ്.

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിലോ ബജറ്റ് സമ്മേളനത്തിലോ താങ്ങുവില (എംഎസ്പി) ഉറപ്പാക്കുന്നതു സംബന്ധിച്ച നിയമനിർമാണമുണ്ടായേക്കും എന്നാണ് ഇപ്പോഴത്തെ സൂചനകൾ. അതിനായി ഉന്നത സമിതി രൂപവൽക്കരിക്കുമെന്നു പ്രധാനമന്ത്രി ഇന്ന് പറഞ്ഞിട്ടുണ്ട്. ലഖിംപൂർ ഖേരിയിലെ കർഷക കൂട്ടക്കൊലയും അതിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ആരോപണ വിധേയനായതും സിഖ് സമുദായത്തോടൊപ്പം ജാട്ട് സമുദായത്തിനും കടുത്ത അതൃപ്തിയുണ്ടാക്കിയിരുന്നു.

യുപിയിൽ ബിജെപിയുടെ ശക്തികേന്ദ്രമായ ജാട്ട് സമൂഹത്തെ പിണക്കുന്നത് ദോഷകരമാകുമെന്നാണ് യുപിയിലെ പ്രാദേശിക തലങ്ങളിൽനിന്ന് സമാഹരിച്ച വിവരങ്ങളുൾപ്പെടുത്തി ആർഎസ്എസ് നൽകിയ മുന്നറിയിപ്പ്. ലഖിംപുർ ഖേരി സംഭവം നടന്നതോടെ പടിഞ്ഞാറൻ യുപിയിൽനിന്ന് കർഷക രോഷം കിഴക്കൻ യുപിയിലേക്കും എത്തി. ഖാലിസ്ഥൻ വാദികളാണ് സമരത്തിന് പിന്നിലെന്ന ചില നേതാക്കളുടെ ആരോപണവും പാർട്ടിക്ക് തിരിച്ചടിയുണ്ടാക്കി.

പഞ്ചാബിലും ഹരിയാനയിലും പാർട്ടി നേതാക്കൾക്ക് പുറത്തിറങ്ങാൻ പോലും പറ്റാത്ത അവസ്ഥ. ഹരിയാനയിൽ ഉപതിരഞ്ഞെടുപ്പു നടന്ന എല്ലേനാബാദ് മണ്ഡലത്തിൽ ബിജെപി തോൽക്കുകയും ചെയ്തു. പ!ഞ്ചാബിൽ പുതിയ പാർട്ടിയുണ്ടാക്കി ബിജെപിയുമായി സഖ്യത്തിനിറങ്ങുമെന്ന് മുൻ മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിങ് പ്രഖ്യാപിച്ചതും ബിജെപിയുടെ പുതിയ നീക്കം അറിഞ്ഞായിരുന്നു.

അമിത്ഷായുമായി നടത്തിയ ചർച്ചയിൽ മിനിമം താങ്ങുവില ഉറപ്പാക്കുക, കർഷക നിയമങ്ങൾ മരവിപ്പിക്കുക തുടങ്ങിയ നിർദേശങ്ങൾ അമരീന്ദർ മുന്നോട്ടു വച്ചിരുന്നു. വിട്ടുപോയ അകാലിദൾ അടക്കമുള്ളവരെ തിരിച്ചു സഖ്യത്തിലേക്കു കൊണ്ടുവരാനും ഈ നീക്കം സഹായിച്ചേക്കും. മേഘാലയ ഗവർണറും പടിഞ്ഞാറൻ യുപിയിൽ നിന്നുള്ള ബിജെപി നേതാവുമായ സത്യപാൽ മാലിക്കും ഇതേ ആവശ്യങ്ങൾ കഴിഞ്ഞ ദിവസം ഉന്നയിച്ചിരുന്നു.

കർഷക നിയമങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഭിമാനപ്രശ്നമായാണ് ബിജെപി കാണുന്നത്. എന്നാൽ ഇപ്പോൾ ഈ നിയമങ്ങൾ സുപ്രീംകോടതിയുടെ പരിഗണനയിലായതിനാൽ ഫലത്തിൽ മരവിച്ച അവസ്ഥയിലാണ്. ഇതുകൂടി കണക്കാക്കിയാണ് ഗുരു നാനക് ജയന്തി ദിനത്തിൽ തന്നെ പ്രഖ്യാപനമുണ്ടായത്

കർഷകരുടെ വേദന മനസ്സിലാക്കുന്നു. കർഷകരുടെ ഉന്നമനത്തിന് പ്രധാന്യം നൽകും. കർഷകരുടെ നഷ്ടങ്ങൾ ഇപ്പോൾ വേഗത്തിൽ ഉന്നയിക്കാൻ സാധിക്കുന്നു. പ്രാദേശിക ചന്തകൾ ശക്തിപ്പെടുത്തി താങ്ങുവില നൽകുന്നു. കർഷകരിലേറെയും രണ്ട് ഹെക്ടറിൽ താഴെ ഭൂമിയുള്ളവരും ദരിദ്രരുമാണ്. പെൻഷൻ പദ്ധതികൾ കർഷകർക്ക് സഹായകമാണ്. കർഷകർക്ക് വേണ്ടിയുള്ള ബജറ്റ് വിഹിതം 5 തവണ ഉയർത്തി. താങ്ങുവില (എംഎസ്പി) വർധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു, മൊത്തവ്യാപാര വിപണി ഇടപാടുകൾ ഓൺലൈൻ ആക്കി

ചെറുകിട കർഷകരെ ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവന്നു, കർഷകർക്കായുള്ള നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം ഈ സർക്കാരിന്റെ നേട്ടമാണ്. മൈക്രോ ഇറിഗേഷൻ ഫണ്ടിലേക്കുള്ള വിഹിതം ഇപ്പോൾ 10,000 കോടി രൂപയാണ്. മത്സ്യബന്ധനത്തിലും മൃഗസംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്നവരെ ആനുകൂല്യ പദ്ധതികൾക്ക് കീഴിൽ കൊണ്ടുവന്നു. മൂന്ന് പുതിയ കാർഷിക നിയമങ്ങൾ കൊണ്ടുവന്നത് കാർഷിക മേഖലയെ കൂടുതൽ പരിഷ്കരിക്കുന്നതിനാണ്. എന്നാൽ അതു ചിലർക്കു പ്രയാസമുണ്ടാക്കി. അതിനാൽ നിയമം പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചു. പ്രക്ഷോഭത്തിൽനിന്നു കർഷകർ പിന്മാറണം-മോദി പറഞ്ഞു.

## ടിവിയിലൂടെ പ്രഖ്യാപിച്ചാൽ കർഷകർ വീട്ടിലേക്ക് മടങ്ങില്ല രാകേഷ് ടിക്കായത്ത്

ന്യൂഡൽഹി: കാർഷിക നിയമങ്ങൾ പിൻവലിക്കുകയാണെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചത് കൊണ്ട് മാത്രം കർഷകർ സമരത്തിൽ നിന്ന് പിൻവാങ്ങില്ലെന്ന് ഭാരതീയ കിസൻ യൂണിയൻ നേതാവ് രാകേഷ് ടിക്കായത്ത്. 'ഈ രാജ്യത്ത് രാജവാഴ്ചയല്ല ഉള്ളത്. ടിവിയിലൂടെ പ്രഖ്യാപനം നടത്തിയാൽ കർഷകർ വീട്ടിലേക്ക് മടങ്ങില്ല. സർക്കാരിന് കർഷകരോട് സംസാരിക്കേണ്ടി വരും' രാകേഷ് ടിക്കായത്ത് ട്വീറ്റ് ചെയ്തു.

സമരം അടിയന്തരമായി പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും വിവാദ നിയമങ്ങൾ പാർലമെന്റ് റദ്ദാക്കുന്നത് വരെ കാത്തിരിക്കാനാണ് കർഷകരുടെ തീരുമാനമെന്നും അദ്ദേഹം നേരത്തെ വ്യക്തമാക്കിയിരുന്നു. താങ്ങുവില അടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് സർക്കാർ കർഷകരുമായി ചർച്ച നടത്തണമെന്നും ടിക്കായത്ത് ആവശ്യപ്പെട്ടു. സമരത്തിന്റെ ഭാവിയും താങ്ങുവില സംബന്ധിച്ച ആവശ്യങ്ങളും ചർച്ച ചെയ്യുമെന്നാണ് അറിയിച്ചിരിക്കുന്നത്.



# ആന്ധ്രയിൽ ബസുകൾ ഒഴുക്കിൽപ്പെട്ട് 12 മരണം; 18 പേരെ കാണാതായി

അമരാവതി : ആന്ധ്രപ്രദേശിൽ കനത്ത മഴയെത്തുടർന്ന് ബസുകൾ ഒഴുക്കിൽപ്പെട്ട് 12 മരണം. 18 പേരെ കാണാതായി. ദക്ഷിണ ആന്ധ്രപ്രദേശിലെ കടപ്പ ജില്ലയിലെ മണ്ടപ്പള്ളി ഗ്രാമത്തിലാണു സംഭവം. മരണസംഖ്യ ഇനിയും ഉയരുമെന്നാണ് സൂചന. പ്രളയത്തെ തുടർന്നു കടപ്പ ജില്ലയിലെ മണ്ടപ്പള്ളി, അക്കേപാടു നന്ദലുരു ഗ്രാമങ്ങളിൽ ഒറ്റപ്പെട്ട ജനങ്ങളെ പുറത്തെത്തിക്കാൻ പോയ ആന്ധ്രപ്രദേശ് ആർടിസി ബസുകളാണ് ഒഴുക്കിൽപ്പെട്ടത്.

നിറയെ ആളുകളുമായി മടങ്ങുകയായിരുന്ന ബസ് പ്രളയമേഖലയിൽവച്ചു മുന്നോട്ടുപോകാനാവാതെ നിന്നുപോകുകയായിരുന്നു. ആളുകൾ ബസുകൾക്കു മുകളിൽ കയറിനിന്ന് സഹായത്തിനായി കേഴുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. മിനിറ്റുകൾക്കകം ബസുകൾ ഒഴുകിപോയി. മൂന്നു ബസുകളിൽ ഇതിലേറെ പേരുണ്ടെന്നാണ് സൂചന

സമാനതകളില്ലാത്ത പ്രളയ ദുരിതമാണ് ദക്ഷിണ ആന്ധ്രപ്രദേശ് നേരിടുന്നത്. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദത്തിന്റ സ്വാധീനത്തെ തുടർന്ന് 24 മണിക്കൂറായി മഴ തുടരുകയാണ്. കടപ്പ, ചിറ്റൂർ, അനന്തപൂർ, നെല്ലൂർ ജില്ലകൾ പ്രളയത്തിൽ മുങ്ങി. നിരവധി വീടുകൾ തകർന്നു. നീരൊഴുക്കു കൂടിയതിനെ തുടർന്ന് തുംഗ ഭദ്ര അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നതാണ് പ്രളയത്തിന് ഇടയാക്കിയത്.

പാപാഗ്നി, സ്വർമുഖി, ഗാർഗേയി നദികൾ കരകവിഞ്ഞ് ഒഴുകുകയാണ്. ചിത്രാവദി നദിയിൽ കുടുങ്ങിയ 10 പേരെ വ്യോമസേന ഹെലികോപ്ടറുകൾ രക്ഷപ്പെടുത്തി. പ്രളയം വിലയിരുത്തുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി പ്രത്യേക സംഘത്തെ നിയോഗിച്ചതായി മുഖ്യമന്ത്രി ജഗൻമോഹൻ റെഡ്ഡി അറിയിച്ചു.

മരിച്ചവരുടെ കുടുംബങ്ങൾക്കു 5 ലക്ഷം രൂപ വീതം ധനസഹായവും പ്രഖ്യാപിച്ചിട്ടുണ്ട്.

# ട്രെയിനുകളിൽ ഭക്ഷണ വിതരണം പുനരാരംഭിക്കുന്നു; ഐആർസിടിസിക്ക് റെയിൽവെ കത്തുനൽകി

ന്യൂഡൽഹി: ദീർഘദൂര യാത്രകൾക്കായി ട്രെയിനുകളെ ആശ്രയിക്കുന്നവർ ഇനി ഭക്ഷണത്തെ കുറിച്ച് ആശങ്കപ്പെടേണ്ട. കോവിഡ് കാരണം നിർത്തിവെച്ചിരുന്ന ട്രെയിനുകളിലെ പാകം ചെയ്ത ഭക്ഷണ വിൽപ്പന പുനരാരംഭിക്കാൻ റെയിൽവേ തീരുമാനിച്ചു.

മെയിൽ, എക്സ്പ്രസ് ട്രെയിനുകൾക്ക് സ്പെഷൽ ടാഗുകൾ ഒഴിവാക്കാനും കോവിഡ് മുൻപത്തെ ടിക്കറ്റ് നിരക്കുകൾ പുനഃസ്ഥാപിക്കാനും തീരുമാനമെടുത്ത് ദിവസങ്ങൾക്കകമാണ് റെയിൽവേ പുതിയ തീരുമാനവും പ്രഖ്യാപിച്ചിരിക്കുന്നത്. ട്രെയിനുകളിൽ ഭക്ഷണ വിതരണം പുനഃസ്ഥാപിക്കാൻ തീരുമാനിച്ചതായി കാണിച്ച് റെയിൽവേ ഐ.ആർ.സി.ടിസിക്ക് കത്തയച്ചിട്ടുണ്ട്.

രാജ്യത്താകമാനം കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവുകൾ വരുത്തിയതിനെ തുടർന്ന് ട്രെയിൻ ഗതാഗതം പൂർവസ്ഥിതിയിൽ എത്തിക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമായി ദീർഘദൂര ട്രെയിനുകൾ പുനഃസ്ഥാപിക്കുകയും ഹൃസ്വദൂര ട്രെയിനുകൾ കൂടിയ നിരക്കിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിരുന്നു.

കോവിഡ് കേസുകൾ കുറഞ്ഞതിനെ തുടർന്ന് യാത്രക്കാരുടെ എണ്ണം വർധിച്ചതോടെ ടിക്കറ്റ് നിരക്കുകൾ കുറയ്ക്കണമെന്ന ആവശ്യം ശക്തമായിരുന്നു. തുടർന്ന് കഴിഞ്ഞ ശനിയാഴ്ച സ്പെഷൽ ടാഗുകൾ പിൻവലിക്കാനും പഴയ നിരക്ക് പുനഃസ്ഥാപിക്കാനും റെയിൽവേ തീരുമാനിക്കുകയായിരുന്നു.

ആഭ്യന്തര വിമാന സർവീസുകളിൽ ഭക്ഷണം വിതരണം ചെയ്യാൻ വ്യോമയാന മന്ത്രാലയം തീരുമാനമെടുത്ത് ദിവസങ്ങൾക്കകമാണ് റെയിൽവേയും സമാനമായ നടപടി സ്വീകരിച്ചിരിക്കുന്നത്.

# സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരത ആദ്യ ദൗത്യം ആരംഭിച്ചു: മന്ത്രി വീണാ ജോർജ്



സംസ്ഥാനം ആവിഷ്ക്കരിച്ച കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ ഭാഗമായി സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയിലെത്തിക്കാനുള്ള ആദ്യ ദൗത്യം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. രണ്ട് വർഷത്തിനുള്ളിൽ ആന്റിബയോട്ടിക് സാക്ഷരത ലക്ഷ്യത്തിലെത്തിക്കാനാണ് ശ്രമിക്കുന്നത്. ലോക ആന്റിബയോട്ടിക് അവബോധ വാരാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികളാണ് നടന്നു വരുന്നത്. ജനങ്ങൾക്കിടയിലും സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും ആന്റിബയോട്ടിക് പ്രതിരോധത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ ഈ ആഴ്ച ആരംഭിക്കും. ഇതോടൊപ്പം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു വെബിനാർ പരമ്പര ആരംഭിച്ചു. ഈ വെബിനാറിൽ പങ്കെടുക്കുന്ന നാനാതുറയിലുള്ള വിദഗ്ധരുടെ ആശയങ്ങൾ ഉപയോഗിച്ച് വിപുലമായ മാർഗരേഖ ഉണ്ടാക്കും. സംസ്ഥാനത്തെ ആന്റിബയോട്ടിക് സാക്ഷരത നേടാനുള്ള ലക്ഷ്യങ്ങൾക്ക് ഇത് ആക്കം കൂട്ടുമെന്ന് മന്ത്രി വ്യക്തമാക്കി.

എല്ലാ വർഷവും നവംബർ 18 മുതൽ 24വരെ ലോക ആന്റിബയോട്ടിക് അവബോധ വാരാചരണം നടക്കുന്നു. ആന്റിബയോട്ടിക്കിനെപ്പറ്റിയുള്ള അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക എന്നതാണ് ലക്ഷ്യം. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രഭാഷണ പരമ്പരകൾ ആരംഭിക്കും. കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ, വിവിധ സംഘടനകൾ എന്നിവയുമായി സഹകരിച്ചും വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. വാരാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ആശുപത്രികളിൽ നിന്നും ആന്റിബയോട്ടിക് പ്രതിരോധത്തെപ്പറ്റി അവബോധം നൽകും.

ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ ശേഷിയുള്ള ബാക്ടീരിയകളുടെ എണ്ണം കൂടിവരുന്നതിനെയാണ് ആന്റിബയോട്ടിക് പ്രതിരോധം എന്ന് പറയുന്നത്. ഇതൊരു ആഗോള പ്രശ്നമാണ്. ഒരു വർഷം ലോകത്ത് ഏഴ് ലക്ഷം പേരോളം ആന്റിബയോട്ടിക് പ്രതിരോധിക്കുന്ന ബാക്ടീരിയകളുടെ അണുബാധ കാരണം മരണമടയുന്നതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിപ്പോഴേ പ്രതിരോധിച്ചില്ലെങ്കിൽ ഭാവിയിൽ വളരെ വലുതാകുമെന്നാണ് കണക്കാക്കുന്നത്. ഈയൊരു സാഹചര്യത്തിലാണ് സംസ്ഥാനത്തെ ആന്റിബയോട്ടിക് പ്രതിരോധത്തിനായി ആക്ഷൻ പ്ലാൻ രൂപീകരിച്ചത്.

കേരളത്തിലെ ഓരോ പൗരനും ആന്റിബയോട്ടിക്കിനെപ്പറ്റിയും കൃത്യമായ ഉപയോഗത്തെപ്പറ്റിയുമുള്ള വിവരം നൽകുക എന്നതാണ് ആന്റിബയോട്ടിക് സാക്ഷരതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഡോക്ടറുടെ കുറിപ്പടിയോടെ മാത്രമേ ആന്റിബയോട്ടിക് കഴിക്കാൻ പാടുള്ളൂ, ഡോക്ടർ പറഞ്ഞ കാലയളവ് മാത്രമേ കഴിക്കാവൂ, കഴിച്ച ആന്റിബയോട്ടിക് മറ്റാരുമായും പങ്കുവയ്ക്കരുത്, ഉപയോഗിച്ച ആന്റിബയോട്ടിക് പൊതുസ്ഥലങ്ങളിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത് തുടങ്ങിയ കാര്യങ്ങൾ എല്ലാവരും ശ്രദ്ധിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# രാഹുലും രോഹിതും കസറി; ഇന്ത്യക്ക് ട്വന്റി20 പരമ്പര




റാഞ്ചി: തുടർച്ചയായ രണ്ടാം മത്സരവും ജയിച്ച് ട്വൻറി20 പരമ്പര സ്വന്തമാക്കി ഇന്ത്യ. ന്യൂസിലൻഡിനെ ഏഴു വിക്കറ്റിന് പരാജയപ്പെടുത്തി. കിവീസിൻറെ 154 റൺസ് വിജയലക്ഷ്യം ഇന്ത്യ 16 പന്തുകൾ ബാക്കി നിൽക്കെ മറികടന്നു. അർധ സെഞ്ചുറി നേടിയ ക്യാപ്റ്റൻ രോഹിത് ശർമയും (55) കെ.എൽ രാഹുലുമാണ് (65) ഇന്ത്യൻ ജയം അനായാസമാക്കിയത്.

ഓപ്പണിംഗ് വിക്കറ്റ് കൂട്ടുകെട്ടിൽ ഇരുവരും 117 റൺസ് നേടി. രാഹുൽ പുറത്തായതിനു പിന്നാലെ അർധ സെഞ്ചുറി പൂർത്തിയാക്കി നായകനും മടങ്ങി. പിന്നാലെ സൂര്യകുമാർ യാദവും (1). ഇതോടെ ന്യൂസിലൻഡ് പിടിമുറിക്കിയെങ്കിലും പന്ത് (12) ഇന്ത്യൻ വിജയം വച്ചു താമസിപ്പിച്ചില്ല. കിടിലൻ രണ്ട് സിക്സറുകളിൽ ലക്ഷ്യം കടന്നു.

നേരത്തെ ഗുപ്റ്റിൽ (31) മിച്ചൽ (31), ഗ്ലെൻ ഫിലിപ്സ് (34) എന്നിവരുടെ പ്രകടനമാണ് ന്യൂസിലൻഡിന് ഭേദപ്പെട്ട സ്കോർ നൽകിയത്. ഓപ്പണിംഗ് വിക്കറ്റിൽ ഗുപ്റ്റിലും മിച്ചലും മികച്ച തുടക്കമാണ് നൽകിയത്. ഇന്ത്യൻ ബൗളർമാരിൽ ഹർഷൽ പട്ടേൽ രണ്ട് വിക്കറ്റ് വീഴ്ത്തിയപ്പോൾ മറ്റ് നാല് പേരും ഓരോ വിക്കറ്റ് സ്വന്തമാക്കി.



മൺട്രോതുരുത്തിലെ ആംഫിബിയൻ വീട്

# സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരത ആദ്യ ദൗത്യം ആരംഭിച്ചു: മന്ത്രി വീണാ ജോർജ്

## ലോക ആന്റിബയോട്ടിക് അവബോധ വാരാചരണം നവംബർ 18 മുതൽ 24 വരെ

സംസ്ഥാനം ആവിഷ്ക്കരിച്ച കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ ഭാഗമായി സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയിലെത്തിക്കാനുള്ള ആദ്യ ദൗത്യം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. രണ്ട് വർഷത്തിനുള്ളിൽ ആന്റിബയോട്ടിക് സാക്ഷരത ലക്ഷ്യത്തിലെത്തിക്കാനാണ് ശ്രമിക്കുന്നത്. ലോക ആന്റിബയോട്ടിക് അവബോധ വാരാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികളാണ് നടന്നു വരുന്നത്. ജനങ്ങൾക്കിടയിലും സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും ആന്റിബയോട്ടിക് പ്രതിരോധത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ ഈ ആഴ്ച ആരംഭിക്കും. ഇതോടൊപ്പം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു വെബിനാർ പരമ്പര ആരംഭിച്ചു. ഈ വെബിനാറിൽ പങ്കെടുക്കുന്ന നാനാതുറയിലുള്ള വിദഗ്ധരുടെ ആശയങ്ങൾ ഉപയോഗിച്ച് വിപുലമായ മാർഗരേഖ ഉണ്ടാക്കും. സംസ്ഥാനത്തെ ആന്റിബയോട്ടിക് സാക്ഷരത നേടാനുള്ള ലക്ഷ്യങ്ങൾക്ക് ഇത് ആക്കം കൂട്ടുമെന്ന് മന്ത്രി വ്യക്തമാക്കി. എല്ലാ വർഷവും നവംബർ 18 മുതൽ 24വരെ ലോക ആന്റിബയോട്ടിക് അവബോധ വാരാചരണം നടക്കുന്നു. ആന്റിബയോട്ടിക്കിനെപ്പറ്റിയുള്ള അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക എന്നതാണ് ലക്ഷ്യം. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രഭാഷണ പരമ്പരകൾ ആരംഭിക്കും. കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ, വിവിധ സംഘടനകൾ എന്നിവയുമായി സഹകരിച്ചും വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. വാരാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ആശുപത്രികളിൽ നിന്നും ആന്റിബയോട്ടിക് പ്രതിരോധത്തെപ്പറ്റി അവബോധം നൽകും. ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ ശേഷിയുള്ള ബാക്ടീരിയകളുടെ എണ്ണം കൂടിവരുന്നതിനെയാണ് ആന്റിബയോട്ടിക് പ്രതിരോധം എന്ന് പറയുന്നത്. ഇതൊരു ആഗോള പ്രശ്നമാണ്. ഒരു വർഷം ലോകത്ത് ഏഴ് ലക്ഷം പേരോളം ആന്റിബയോട്ടിക് പ്രതിരോധിക്കുന്ന ബാക്ടീരിയകളുടെ അണുബാധ കാരണം മരണമടയുന്നതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിപ്പോഴേ പ്രതിരോധിച്ചില്ലെങ്കിൽ ഭാവിയിൽ വളരെ വലുതാകുമെന്നാണ് കണക്കാക്കുന്നത്. ഈയൊരു സാഹചര്യത്തിലാണ് സംസ്ഥാനത്തെ ആന്റിബയോട്ടിക് പ്രതിരോധത്തിനായി ആക്ഷൻ പ്ലാൻ രൂപീകരിച്ചത്.

കേരളത്തിലെ ഓരോ പൗരനും ആന്റിബയോട്ടിക്കിനെപ്പറ്റിയും കൃത്യമായ ഉപയോഗത്തെപ്പറ്റിയുമുള്ള വിവരം നൽകുക എന്നതാണ് ആന്റിബയോട്ടിക് സാക്ഷരതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഡോക്ടറുടെ കുറിപ്പടിയോടെ മാത്രമേ ആന്റിബയോട്ടിക് കഴിക്കാൻ പാടുള്ളൂ, ഡോക്ടർ പറഞ്ഞ കാലയളവ് മാത്രമേ കഴിക്കാവൂ, കഴിച്ച ആന്റിബയോട്ടിക് മറ്റാരുമായും പങ്കുവയ്ക്കരുത്, ഉപയോഗിച്ച ആന്റിബയോട്ടിക് പൊതുസ്ഥലങ്ങളിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത് തുടങ്ങിയ കാര്യങ്ങൾ എല്ലാവരും ശ്രദ്ധിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# പ്രധാനമന്ത്രി വിവിധ വികസന പദ്ധതികൾ രാജ്യത്തിന് സമർപ്പിച്ചു

ഉത്തർപ്രദേശിലെ മഹോബയിൽ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. മേഖലയിലെ ജലക്ഷാമം പരിഹരിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ആശ്വാസം നൽകുന്നതിനും ഈ പദ്ധതികൾ സഹായകമാകും. അർജുൻ സഹായക് പദ്ധതി, രതൗലി വീർ പദ്ധതി, ഭോനി അണക്കെട്ട് പദ്ധതി, മജ്ഗാവ്ചില്ലി സ്പ്രിംഗ്ളർ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതികളുടെ സഞ്ചിത ചെലവ് 2000 കോടിയിലേറെയാണ്. മഹോബ, ഹമീർപൂർ, ബന്ദ, ലളിത്പൂർ ജില്ലകളിലെ ഏകദേശം 65000 ഹെക്ടർ സ്ഥലത്തെ ജലസേചനത്തിന് ഇത് ഉപകരിക്കും, മേഖലയിലെ ലക്ഷക്കണക്കിന് കർഷകർക്ക് പ്രയോജനം ചെയ്യും. ഈ പദ്ധതികൾ പ്രദേശത്തിന് കുടിവെള്ളവും ലഭ്യമാക്കും.

ഗവർണർ ശ്രീമതി ആനന്ദിബെൻ പട്ടേൽ, ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ശ്രീ ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, സംസ്ഥാന മന്ത്രിമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

അടിമത്തത്തിന്റെ കാലഘട്ടത്തിൽ ഇന്ത്യയിൽ പുതിയ അവബോധം ഉണർത്തിയ ഗുരു നാനാക്ക് ദേവ് ജിയുടെ ജൻമദിനത്തിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട്, പ്രധാനമന്ത്രി ആശംസകൾ അറിയിച്ചു. ഇന്ത്യയുടെ ധീര പുത്രി, ബുന്ദേൽഖണ്ഡിന്റെ അഭിമാനം, റാണി ലക്ഷ്മിഭായിയുടെ ജയന്തിയാണിതെന്നും ഇന്ന് അദ്ദേഹം ഓർമിച്ചു.

ഡൽഹിയിലെ അടച്ചിട്ട മുറികളിൽ നിന്ന് രാജ്യത്തിന്റെ എല്ലാ മുക്കിലും മൂലയിലും ഗവൺമെന്റ് എങ്ങനെ വന്നുവെന്നതിന് കഴിഞ്ഞ 7 വർഷത്തിനിടെ മഹോബ സാക്ഷ്യം വഹിച്ചുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 'രാജ്യത്തെ പാവപ്പെട്ട അമ്മമാരുടെയും സഹോദരിമാരുടെയും പെൺമക്കളുടെയും ജീവിതത്തിൽ വലിയതും അർത്ഥവത്തായതുമായ മാറ്റങ്ങൾ വരുത്തിയ അത്തരം പദ്ധതികൾക്കും അത്തരം തീരുമാനങ്ങൾക്കും ഈ ഭൂമി സാക്ഷിയാണ്', പ്രധാനമന്ത്രി പറഞ്ഞു.

മുസ് ലിം സ്ത്രീകളെ മുത്തലാഖിന്റെ വിപത്തിൽ നിന്ന് മോചിപ്പിക്കുമെന്ന തന്റെ വാഗ്ദാനം പ്രധാനമന്ത്രി അനുസ്മരിച്ചു. ഇവിടെ നിന്നുള്ള ആ വാഗ്ദാനമാണ് നിറവേറ്റപ്പെട്ടത്.

ഉജ്ജ്വല 2.0 യും ഇവിടെ നിന്നാണ് ആരംഭിച്ചത്.

കാലക്രമേണ ഈ പ്രദേശം ജല വെല്ലുവിളികളുടെയും കുടിയേറ്റത്തിന്റെയും കേന്ദ്രമായി മാറിയതെങ്ങനെയെന്ന് പ്രധാനമന്ത്രി ആലോചിച്ചു. ഈ പ്രദേശം ജലപരിപാലനത്തിന് പേരുകേട്ട ചരിത്ര കാലത്തെ അദ്ദേഹം അനുസ്മരിച്ചു. ക്രമേണ, മുൻ ഗവൺമെന്റുകളുടെ കീഴിൽ, ഈ പ്രദേശം വൻതോതിലുള്ള അവഗണനയ്ക്കും അഴിമതി നിറഞ്ഞ ഭരണത്തിനും വിധേയമായി. "ഈ പ്രദേശത്ത് ആളുകൾ തങ്ങളുടെ പെൺമക്കളെ വിവാഹം കഴിക്കുന്നതിൽ നിന്ന് പിന്മാറാൻ തുടങ്ങിയ ഒരു ഘട്ടത്തിലേക്ക് സാഹചര്യം എത്തി, ഇവിടെയുള്ള പെൺമക്കൾ മിച്ച ജലമുള്ള പ്രദേശത്ത് വിവാഹത്തിനായി കൊതിക്കാൻ തുടങ്ങി. മഹോബയിലെ ജനങ്ങൾക്കും ബുന്ദേൽഖണ്ഡിലെ ജനങ്ങൾക്കും ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം അറിയാം", പ്രധാനമന്ത്രി പറഞ്ഞു.മുൻ ഗവൺമെന്റ് ബുന്ദേൽഖണ്ഡ് കൊള്ളയടിച്ച് സ്വന്തം കുടുംബങ്ങൾക്ക് നന്മ ചെയ്തുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'നിങ്ങളുടെ കുടുംബങ്ങളുടെ ജലപ്രശ്നത്തെക്കുറിച്ച് അവർ ഒരിക്കലും ആശങ്കപ്പെട്ടിരുന്നില്ല', പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. പതിറ്റാണ്ടുകളായി ബുന്ദേൽഖണ്ഡിലെ ജനങ്ങൾ തങ്ങളെ കൊള്ളയടിക്കുന്ന ഗവൺമെന്റുകളെയാണ് കണ്ടിട്ടുള്ളത്. ബുന്ദേൽഖണ്ഡിലെ ജനങ്ങൾ ആദ്യമായി ഗവൺമെന്റ് ഈ നാടിന്റെ വികസനത്തിനായി പ്രവർത്തിക്കുന്നത് കാണുകയാണെന്നും അദ്ദേഹം പറഞ്ഞു.. 'മുൻ ഗവൺമെന്റുകൾ ഉത്തർപ്രദേശിനെ കൊള്ളയടിച്ചതിൽ മടുത്തില്ല, ഞങ്ങൾ ജോലി ചെയ്തു മടുത്തില്ല'.

സംസ്ഥാനത്തെ മാഫിയകളെ ബുൾഡോസറിനാൽ തകർക്കുമ്പോൾ അഭിമുഖീകരിക്കുമ്പോൾ, ചില ആളുകൾ കരയുന്നുണ്ടെങ്കിലും, സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് ഈ ഇടപെടൽ തടസ്സമാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കർഷകരെ പ്രശ്നങ്ങളിൽ അകപ്പെടുത്തുകയാണ് ചില രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനമെന്നു പ്രധാനമന്ത്രി പറഞ്ഞു. അവർ പ്രശ്നങ്ങളുടെ രാഷ്ട്രീയം ചെയ്യുന്നു, ഞങ്ങൾ ദേശീയ പരിഹാര നയമാണ് പിന്തുടരുന്നത്. എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച ശേഷം കെൻബെത്വ ലിങ്കിനുള്ള പരിഹാരം നമ്മുടെ സ്വന്തം ഗവൺമെന്റ് കണ്ടെത്തി.

രാജവംശ ഗവൺമെന്റുകൾ കർഷകരെ ഇല്ലായ്മയിൽ മാത്രം നിർത്തിയെന്നും പ്രധാനമന്ത്രി പറഞ്ഞു. "കർഷകരുടെ പേരിൽ അവർ പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു, പക്ഷേ ഒരു പൈസ പോലും കർഷകനിലെത്തിയില്ല. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയിൽ നിന്ന് ഇതുവരെ 1,62,000 കോടി രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറിയിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ബുന്ദേൽഖണ്ഡിൽ നിന്നുള്ള കുടിയേറ്റം തടയുന്നതിനായി ഈ മേഖലയെ തൊഴിലിൽ സ്വയംപര്യാപ്തമാക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബുന്ദേൽഖണ്ഡ് എക്സ്പ്രസ് വേയും യുപി പ്രതിരോധ ഇടനാഴിയും ഇതിന് വലിയ തെളിവാണ്.

പ്രദേശത്തിന്റെ സമ്പന്നമായ സംസ്കാരത്തെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിക്കുകയും 'കർമയോഗികളുടെ' 'ഇരട്ട എഞ്ചിൻ' ഗവൺമെന്റിന്' കീഴിൽ പ്രദേശത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത വ്യക്തമാക്കുകയും ചെയ്തു.

# കർതാർപൂർ സാഹിബ് ഇടനാഴി വീണ്ടും തുറക്കും

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്തു. രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി ഗുരുനാനാക്ക് ജയന്തി ദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഒന്നര വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇപ്പോൾ കർതാർപൂർ സാബിഹ് ഇടനാഴി വീണ്ടും തുറന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

അഞ്ച് ദശാബ്ദക്കാലത്തെ പൊതുജീവിതത്തിൽ കർഷകരുടെ വെല്ലുവിളികൾ താൻ വളരെ അടുത്ത് കണ്ടിട്ടുണ്ടെന്നും അതുകൊണ്ടാണ് 2014ൽ പ്രധാനമന്ത്രിയായി രാജ്യത്തെ സേവിക്കാൻ അവസരം ലഭിച്ചപ്പോൾ ഞങ്ങൾ കൃഷിക്ക് മുൻഗണന നൽകിയതെന്നും പ്രധാനമന്ത്രി പറഞ്ഞു. വികസനവും കർഷക ക്ഷേമവും'. കർഷകരുടെ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനായി വിത്ത്, ഇൻഷുറൻസ്, വിപണി, സമ്പാദ്യം എന്നിങ്ങനെ നാല് മുൻകരുതലുകൾ സ്വീകരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

ഗുണമേന്മയുള്ള വിത്തിനോടൊപ്പം വേപ്പെണ്ണ പുരട്ടിയ യൂറിയ, സോയിൽ ഹെൽത്ത് കാർഡ്, സൂക്ഷ്മ ജലസേചനം തുടങ്ങിയ സൗകര്യങ്ങളുമായി ഗവണ്മെന്റ് കർഷകരെ ബന്ധിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കഠിനാധ്വാനത്തിന് പ്രതിഫലമായി കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ശരിയായ വില ലഭിക്കുന്നതിന് നിരവധി സംരംഭങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. രാജ്യം ഗ്രാമീണ വിപണിയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

"ഞങ്ങൾ എംഎസ്പി വർദ്ധിപ്പിക്കുക മാത്രമല്ല, സർക്കാർ സംഭരണ ??കേന്ദ്രങ്ങളുടെ റെക്കോർഡ് എണ്ണം സൃഷ്ടിക്കുകയും ചെയ്തു. നമ്മുടെ സർക്കാർ നടത്തിയ ഉൽപന്നങ്ങളുടെ സംഭരണം കഴിഞ്ഞ നിരവധി ദശാബ്ദങ്ങളിലെ റെക്കോർഡുകൾ തകർത്തു," അദ്ദേഹം പറഞ്ഞു.

കർഷകരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ഈ മഹത്തായ പ്രചാരണ പരിപാടിയിൽ രാജ്യത്ത് മൂന്ന് കാർഷിക നിയമങ്ങൾ കൊണ്ടുവന്നതായി പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ കർഷകരെ, പ്രത്യേകിച്ച് ചെറുകിട കർഷകരെ ശക്തിപ്പെടുത്തുകയും അവരുടെ ഉൽപന്നങ്ങൾക്ക് ശരിയായ വില ലഭിക്കുകയും ഉൽപന്നങ്ങൾ വിൽക്കാൻ പരമാവധി അവസരങ്ങൾ ലഭിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം.

വർഷങ്ങളായി രാജ്യത്തെ കർഷകരും രാജ്യത്തെ കാർഷിക വിദഗ്ധരും രാജ്യത്തെ കർഷക സംഘടനകളും ഈ ആവശ്യം തുടർച്ചയായി ഉന്നയിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. നേരത്തെയും പല ഗവണ്മെന്റുകളും ഇതേക്കുറിച്ച് ആലോചിച്ചിരുന്നു. ഇത്തവണയും പാർലമെന്റിൽ ചർച്ച നടന്നു, ബോധവല്കരണം നടന്നു, ഈ നിയമങ്ങൾ കൊണ്ടുവന്നു. രാജ്യത്തിന്റെ മുക്കിലും മൂലയിലും നിരവധി കർഷക സംഘടനകൾ ഇതിനെ സ്വാഗതം ചെയ്യുകയും പിന്തുണക്കുകയും ചെയ്തു. ഈ നീക്കത്തെ പിന്തുണച്ച സംഘടനകളോടും കർഷകരോടും വ്യക്തികളോടും പ്രധാനമന്ത്രി നന്ദി അറിയിച്ചു.

കർഷകരുടെ, പ്രത്യേകിച്ച് ചെറുകിട കർഷകരുടെ, കാർഷിക മേഖലയുടെ താൽപര്യം മുൻനിർത്തി, 'ഗാനവ്ഗരീബ്' ഗ്രാമദരിദ്രരുടെ, ശോഭനമായ ഭാവിക്ക് വേണ്ടിയാണ്, പൂർണ്ണമായ സത്യസന്ധതയോടും, വ്യക്തമായ മനഃസാക്ഷിയോടും , പ്രതിബദ്ധതയോടും കൂടി ഗവണ്മെന്റ് ഈ നിയമങ്ങൾ കൊണ്ടുവന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. . അദ്ദേഹം തുടർന്നു, "ഇത്രയും പവിത്രമായ, തികച്ചും ശുദ്ധമായ, കർഷകരുടെ താൽപ്പര്യമുള്ള ഒരു കാര്യം, ഞങ്ങൾ ശ്രമിച്ചിട്ടും ചില കർഷകരോട് വിശദീകരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. കാർഷിക നിയമങ്ങളുടെ പ്രാധാന്യം അവരെ മനസ്സിലാക്കാൻ കാർഷിക സാമ്പത്തിക വിദഗ്ധരും ശാസ്ത്രജ്ഞരും പുരോഗമന കർഷകരും പരമാവധി ശ്രമിച്ചു. മൂന്ന് കാർഷിക നിയമങ്ങളും പിൻവലിക്കാൻ ഞങ്ങൾ തീരുമാനിച്ചതായി നിങ്ങളോട് , രാജ്യത്തോട് മുഴുവൻ പറയാനാണ് ഇന്ന് ഞാൻ വന്നത്.

ഈ മാസം അവസാനം ആരംഭിക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ, ഈ മൂന്ന് കാർഷിക നിയമങ്ങൾ റദ്ദാക്കാനുള്ള ഭരണഘടനാ നടപടികൾ ഞങ്ങൾ പൂർത്തിയാക്കും

വിശുദ്ധ ഗുരുപൂരബിന്റെ വേളയിൽ ഇന്ന് ആരെയും കുറ്റപ്പെടുത്താനുള്ള ദിവസമല്ലെന്നും കർഷകരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ സ്വയം സമർപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. കാർഷിക മേഖലയ്ക്ക് സുപ്രധാനമായ ഒരു സംരംഭം അദ്ദേഹം പ്രഖ്യാപിച്ചു. സീറോ ബജറ്റിംഗ് അധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് വിള രീതി മാറ്റുന്നതിനും കുറഞ്ഞ താങ്ങുവില കൂടുതൽ ഫലപ്രദവും സുതാര്യവുമാക്കുന്നതിന് ഒരു സമിതി രൂപീകരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കേന്ദ്ര , സംസ്ഥാന ഗവൺമെന്റുകൾ , കർഷകർ, കാർഷിക ശാസ്ത്രജ്ഞർ, കാർഷിക സാമ്പത്തിക വിദഗ്ധർ എന്നിവരുടെ പ്രതിനിധികൾ സമിതിയിലുണ്ടാകും.

# പശ്ചിമഘട്ട മേഖലയിലെ നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിക്കും : മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കാലവർഷക്കെടുതിയും ഉരുൾപൊട്ടൽ ഭീഷണിയും നേരിടുന്ന പശ്ചിമഘട്ട മേഖലയിലെ എല്ലാ നീർച്ചാൽ ശൃംഖലകളും ശുചിയാക്കി സുഗമമായ നീരൊഴുക്ക് വീണ്ടെടുത്ത് പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഹരിതകേരളം മിഷൻ കർമ്മസമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്ന നീർച്ചാൽ ശുചീകരണ യജ്ഞം 'ഇനി ഞാനൊഴുകട്ടെ" കാമ്പയിന്റെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെയാണ് നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനകളുടെ അജൈവ പാഴ്‌വസ്തു ശേഖരണ പ്രക്രിയ ഊർജ്ജിതമാക്കാൻ ഹരിത കേരളം മിഷനും ശുചിത്വ മിഷനും വിവിധ വകുപ്പുകളുടേയും സംസ്ഥാന ഐ.ടി. മിഷന്റേയും സഹകരണത്തോടെ നടപ്പാക്കുന്ന സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി ആദ്യഘട്ടത്തിൽ 300 പഞ്ചായത്തുകളിൽ നടപ്പാക്കും. തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കും. ഇതിനുപുറമെ ദ്രവമാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും യോഗത്തിൽ തീരുമാനിച്ചു.

മാലിന്യ സംസ്കരണത്തിലൂടെ ഉണ്ടാക്കുന്ന വളം സംസ്ഥാനത്തെ കൃഷിക്ക് വ്യാപകമായി ഉപയോഗിക്കാനുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. തരിശുരഹിത പഞ്ചായത്ത്, ഹരിതസമൃദ്ധി വാർഡ് എന്നീ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കും.

കാർബൺ ന്യൂട്രൽ പഞ്ചായത്തുകൾ സൃഷ്ടിക്കുന്നതിന് കണ്ണൂർ സർവകലാശാല, ഇണ്ണഞളങ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരുടെ സഹായത്തോടെ ശാസ്ത്രീയ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും കർമ്മസമിതി യോഗം തീരുമാനിച്ചു. മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകി തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് ലക്ഷ്യം.

നവകേരളം കർമ്മസമിതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ, തദ്ദേശ ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാമുരളീധരൻ എന്നിവർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വിവിധ വകുപ്പുതലവൻമാരും ആസൂത്രണ ബോർഡിലെ വിദഗ്ധരും കർമ്മസമിതി യോഗത്തിൽ പങ്കെടുത്തു.

# മൃഗസംരക്ഷണ മേഖലയിലെ പുതുസംരംഭകർക്ക് സഹായം ഉറപ്പാക്കും: മന്ത്രി ജെ. ചിഞ്ചു റാണി

മൃഗസംരക്ഷണമേഖലയിലെ പുതുസംരംഭകർക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുമെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ നേതൃത്വത്തിൽ ചാണപ്പാറ സാർഗദായിനി ഗ്രന്ഥശാലയിൽ സംഘടിപ്പിച്ച കുടുംബശ്രീ യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽ കൃഷി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പ്രവാസികൾ ഉൾപ്പെടെ ധാരാളം സംരംഭകർ കന്നുകാലി, ആടുവളർത്തൽ മേഖലയിലേക്ക് എത്തുന്നുണ്ട്. ഇവർക്ക് കൂടുതൽ പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

50 ശതമാനം സബ്സിഡിയോടുകൂടി ധന സഹായവും ലഭ്യമാക്കും. ക്ഷീര മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കുടുംബശ്രീ പ്രവർത്തകർക്കായാണ് തീറ്റപ്പുൽകൃഷി പരിശീലനം. വിലകൂടിയ കാലിത്തീറ്റ വാങ്ങി നൽകേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് കൃഷി സഹായകരമാകും. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയും ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഒരേക്കർ വീതമുള്ള 500 യൂണിറ്റ് പുൽകൃഷിത്തോട്ടം ഏഴ് ജില്ലകളിൽ സ്ഥാപിക്കും. ഒരു യൂണിറ്റ് പുൽകൃഷിത്തോട്ടം സ്ഥാപിക്കുന്നതിന് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 16,000 രൂപ വരെ ധനസഹായം നൽകും.

തിരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർക്ക് ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പരിശീലനവും നൽകും. തീറ്റപ്പുൽ ഇനങ്ങളുടെ നടീൽ വസ്തുക്കൾ കെ.എൽ.ഡി ബോർഡ് ആവശ്യാനുസരണം സൗജന്യമായി ലഭ്യമാക്കും. നടീൽവസ്തുക്കളുടെ വിതരണോദ്ഘാടനം ഇട്ടിവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. അമൃത നിർവഹിച്ചു. ചടങ്ങിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ അധ്യക്ഷയായി.

ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. സുജ ടി. നായർ, ഡെപ്യൂട്ടി ഡയറക്ടർ ബി. എസ്. നിഷ, കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ വി. ആർ. അജു, കെ.എൽ.ഡി.ബി മാനേജിങ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, മാനേജർ പെഴ്സനൽ ഡി. ജയകുമാർ, കൊട്ടാരക്കര താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ജെ. സി. അനിൽ തുടങ്ങിയവർ പങ്കെടുത്തു.

# ആർ.സി.സിയിൽ കരാർ നിയമനം

റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

ഡിസംബർ 8ന് വൈകിട്ട് മൂന്ന്മണിയാണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി.

വിശദ വിവരങ്ങൾക്കും അപേക്ഷഫോറത്തിനും www.r-c-c-tvm.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



ദുരിതാശ്വാസ ക്യാമ്പിൽ പരിശോധന നടത്തുന്ന ആരോഗ്യ പ്രവർത്തകർ

# സംസ്ഥാനത്തെ കാട്ടുപന്നി ശല്യം: കേന്ദ്ര വനം മന്ത്രിയുമായി കൂടിക്കാഴ്ച നടത്തും

സംസ്ഥാനത്തെ കാട്ടുപന്നി ശല്യം ഉൾപ്പെടെ വനം വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വനംവന്യജീവി മന്ത്രി എ.കെ.ശശീന്ദ്രൻ കേന്ദ്ര വനം പരിസ്ഥിതികാലാവസ്ഥ വ്യതിയാന വകുപ്പു മന്ത്രി ഭൂപേന്ദ്ര യാദവുമായി കൂടിക്കാഴ്ച്ച നടത്തും. 21ന് വൈകിട്ട് നാലിന് ന്യൂഡൽഹിയിലാണ് കൂടിക്കാഴ്ച.

നാട്ടിലിറങ്ങുന്ന കാട്ടുപന്നികളുടെ ശല്യം കുറയ്ക്കുന്നതിനായി 2011 മുതൽ സംസ്ഥാനത്ത് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ ചുമതലയേറ്റ ശേഷം ശല്യക്കാരായ കാട്ടുപന്നികളെ വെടിവെക്കുന്നതിനായി തോക്ക് ലൈസൻസുള്ള വ്യക്തികൾക്ക് അനുവാദം നൽകുകയും വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ നാട്ടിലിറങ്ങുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാറിന് നിരവധി കത്തുകൾ അയച്ചെങ്കിലും ഇതുവരെ അനുകൂലമായ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിലാണ് കേന്ദ്ര വനം മന്ത്രിയെ നേരിട്ട് കാണുന്നത്.

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഉൾപ്പെടുന്ന ജീവിയാണ് കാട്ടുപന്നി. ഇവയെ കൊല്ലുന്നത് ശിക്ഷാർഹമാണ്. എന്നാൽ ഇവയെ നിയമത്തിന്റെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചാൽ കർഷകർക്കും പൊതുജനങ്ങൾക്കും നേരിട്ട് ഇവയെ കൊല്ലാൻ സാധിക്കും.

സംസ്ഥാനത്തെ ജനപ്രതിനിധികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞശേഷം സംസ്ഥാന വനം വകുപ്പ് തയ്യാറാക്കിയ മനുഷ്യവന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പിന്തുണയും മന്ത്രി അഭ്യർത്ഥിക്കും. ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ആവശ്യമാണെന്ന കാര്യവും കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തും.

സംസ്ഥാനത്തെ വനങ്ങളുടെ അതിർത്തി നിർണ്ണയിച്ച് അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് റവന്യുവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കും.

നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിനും അതിർത്തി സംബന്ധിച്ച രേഖകൾ കേടുകൂടാതെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും സാധിക്കും. ഈ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നൽകിയ നിർദ്ദേശം കൂടി നടപ്പിലാക്കുന്നതിന് നാഷണൽ ഇഅങജഅയിൽ നിന്നുള്ള ധനസഹായത്തിനും അഭ്യർത്ഥിക്കും.

# സംസ്ഥാനത്തെ സമ്പൂർണ വാക്സിനേഷൻ 60 ശതമാനം

സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ സമ്പൂർണ കോവിഡ് 19 വാക്സിനേഷൻ 60 ശതമാനം കഴിഞ്ഞതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 95.74 ശതമാനം പേർക്ക് (2,55,70,531) ആദ്യ ഡോസ് വാക്സിനും 60.46 ശതമാനം പേർക്ക് (1,61,48,434) രണ്ടാം ഡോസ് വാക്സിനും നൽകി. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 4,17,18,965 ഡോസ് വാക്സിനാണ് നൽകിയത്. ദേശീയ തലത്തിൽ ഒന്നാം ഡോസ് വാക്സിനേഷൻ 81.22 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 41.94 ശതമാനവുമാകുമ്പോഴാണ് കേരളം ഈ നേട്ടം കൈവരിക്കുന്നത്. ഇനിയും വാക്സിനെടുക്കാനുള്ളവർ ഉടൻ തന്നെ വാക്സിനേഷൻ കേന്ദ്രത്തിലെത്തി വാക്സിൻ സ്വീകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

പത്തനംതിട്ട, എറണാകുളം, വയനാട്, കണ്ണൂർ ജില്ലകളിൽ 100 ശതമാനത്തോളം പേരും ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചു. ഇടുക്കി ജില്ലയിൽ 99 ശതമാനം പേരും തിരുവനന്തപുരം ജില്ലയിൽ 97 ശതമാനം പേരും ആദ്യ ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. 76 ശതമാനം പേർക്ക് വാക്സിൻ നൽകിയ വയനാടാണ് സമ്പൂർണ വാക്സിനേഷനിൽ മുന്നിലുള്ളത്.

73 ശതമാനം പേർക്ക് സമ്പൂർണ വാക്സിനേഷൻ നൽകിയ പത്തനംതിട്ട ജില്ലയാണ് തൊട്ട് പുറകിൽ. ആരോഗ്യ പ്രവർത്തരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിനും യഥാക്രമം 90, 92 ശതമാനം രണ്ടാം ഡോസ് വാക്സിനുമെടുത്തിട്ടുണ്ട്.

കോവിഡ് ബാധിച്ചവർക്ക് മൂന്ന് മാസം കഴിഞ്ഞ് മാത്രം വാക്സിനെടുത്താൽ മതി. അതിനാൽ തന്നെ വളരെ കുറച്ച് പേർ മാത്രമാണ് ഇനി ആദ്യ ഡോസ് വാക്സിനെടുക്കാനുള്ളത്. രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഒട്ടും കാലതാമസം വരുത്തരുത്. കോവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കോവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്. രണ്ട് ഡോസ് വാക്സിനും സ്വീകരിച്ചാൽ മാത്രമേ പൂർണമായ ഫലം ലഭിക്കൂ.

## മേട്രൺ താത്ക്കാലിക ഒഴിവ്

വയനാട് ജില്ലയിലെ ഒരു സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനത്തിൽ ഈഴവ, തിയ്യ, ബില്ലവ (ഇ.ടി.ബി) വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള മേട്രൺ ഗ്രേഡ്2 (സ്ത്രീകൾ മാത്രം) തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. ബി.കോം ബിരുദവും അംഗീകൃത സ്ഥാപനത്തിൽ നിന്നും സ്റ്റോഴ്സ് ആൻഡ് അക്കൗണ്ട് സൂക്ഷിപ്പിലും, കൈകാര്യത്തിലുമുള്ള രണ്ടു വർഷത്തെ തൊഴിൽ പരിചയവുമാണ് യോഗ്യത. രണ്ടു വർഷം തൊഴിൽ പ്രവർത്തിപരിചയം ഉള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കുറഞ്ഞ പ്രവർത്തിപരിചയം ഉള്ളവരെയും പരിഗണിക്കും. വയസ്: 1836 നിയമാനുസൃത വയസ്സിളവ് ബാധകം (സ്ത്രീകൾ മാത്രം). ശമ്പളം: 2650060700 രൂപ. ഈ യോഗ്യതയും തൊഴിൽ പരിചയവുമുള്ള ഈഴവ, തിയ്യ, ബില്ലവ, വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ ആറിനകം ഏറ്റവും അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. സ്വകാര്യ മേഖലയിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അധികാരികൾ മേലൊപ്പ് വയ്ക്കണം.

## കവിതാലാപന മത്സരം

വൈലോപ്പിള്ളി സംസ്കൃതി ഭവൻ മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ചരമദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി വൈലോപ്പിള്ളി കവിതകളുടെ ആലാപന മത്സരം സംഘടിപ്പിക്കുന്നു. 10 മുതൽ 15 വയസ്സു വരെയും 16 മുതൽ 20 വയസ്സു വരെയും 21 മുതൽ 25 വയസ്സു വരെയും പ്രായപരിധിയിൽ വരുന്നവരെ ഉൾപ്പെടുത്തി മൂന്ന് വിഭാഗങ്ങളിലായി ഓൺലൈനായി മത്സരം നടക്കും. ഡിസംബർ 22ന് നടക്കുന്ന ചടങ്ങിൽ ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് ക്യാഷ് അവാർഡ് നൽകും.
ഫോൺ: 0471-2311842, ഇമെയിൽ: d-ir-e-c-tormp-c-c@gm-a-i-l.com.

# സംസ്ഥാനത്തെ സമ്പൂർണ വാക്സിനേഷൻ 60 ശതമാനം

സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ സമ്പൂർണ കോവിഡ് 19 വാക്സിനേഷൻ 60 ശതമാനം കഴിഞ്ഞതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 95.74 ശതമാനം പേർക്ക് (2,55,70,531) ആദ്യ ഡോസ് വാക്സിനും 60.46 ശതമാനം പേർക്ക് (1,61,48,434) രണ്ടാം ഡോസ് വാക്സിനും നൽകി. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 4,17,18,965 ഡോസ് വാക്സിനാണ് നൽകിയത്. ദേശീയ തലത്തിൽ ഒന്നാം ഡോസ് വാക്സിനേഷൻ 81.22 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 41.94 ശതമാനവുമാകുമ്പോഴാണ് കേരളം ഈ നേട്ടം കൈവരിക്കുന്നത്. ഇനിയും വാക്സിനെടുക്കാനുള്ളവർ ഉടൻ തന്നെ വാക്സിനേഷൻ കേന്ദ്രത്തിലെത്തി വാക്സിൻ സ്വീകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

പത്തനംതിട്ട, എറണാകുളം, വയനാട്, കണ്ണൂർ ജില്ലകളിൽ 100 ശതമാനത്തോളം പേരും ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചു. ഇടുക്കി ജില്ലയിൽ 99 ശതമാനം പേരും തിരുവനന്തപുരം ജില്ലയിൽ 97 ശതമാനം പേരും ആദ്യ ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. 76 ശതമാനം പേർക്ക് വാക്സിൻ നൽകിയ വയനാടാണ് സമ്പൂർണ വാക്സിനേഷനിൽ മുന്നിലുള്ളത്. 73 ശതമാനം പേർക്ക് സമ്പൂർണ വാക്സിനേഷൻ നൽകിയ പത്തനംതിട്ട ജില്ലയാണ് തൊട്ട് പുറകിൽ. ആരോഗ്യ പ്രവർത്തരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിനും യഥാക്രമം 90, 92 ശതമാനം രണ്ടാം ഡോസ് വാക്സിനുമെടുത്തിട്ടുണ്ട്.

കോവിഡ് ബാധിച്ചവർക്ക് മൂന്ന് മാസം കഴിഞ്ഞ് മാത്രം വാക്സിനെടുത്താൽ മതി. അതിനാൽ തന്നെ വളരെ കുറച്ച് പേർ മാത്രമാണ് ഇനി ആദ്യ ഡോസ് വാക്സിനെടുക്കാനുള്ളത്. രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഒട്ടും കാലതാമസം വരുത്തരുത്. കോവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കോവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്. രണ്ട് ഡോസ് വാക്സിനും സ്വീകരിച്ചാൽ മാത്രമേ പൂർണമായ ഫലം ലഭിക്കൂ.

# സംസ്ഥാനത്തെ കാട്ടുപന്നി ശല്യം: കേന്ദ്ര വനം മന്ത്രിയുമായി കൂടിക്കാഴ്ച നടത്തും

സംസ്ഥാനത്തെ കാട്ടുപന്നി ശല്യം ഉൾപ്പെടെ വനം വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വനം-വന്യജീവി മന്ത്രി എ.കെ.ശശീന്ദ്രൻ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പു മന്ത്രി ഭൂപേന്ദ്ര യാദവുമായി കൂടിക്കാഴ്ച്ച നടത്തും. 21ന് വൈകിട്ട് നാലിന് ന്യൂഡൽഹിയിലാണ് കൂടിക്കാഴ്ച.

നാട്ടിലിറങ്ങുന്ന കാട്ടുപന്നികളുടെ ശല്യം കുറയ്ക്കുന്നതിനായി 2011 മുതൽ സംസ്ഥാനത്ത് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ ചുമതലയേറ്റ ശേഷം ശല്യക്കാരായ കാട്ടുപന്നികളെ വെടിവെക്കുന്നതിനായി തോക്ക് ലൈസൻസുള്ള വ്യക്തികൾക്ക് അനുവാദം നൽകുകയും വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ നാട്ടിലിറങ്ങുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാറിന് നിരവധി കത്തുകൾ അയച്ചെങ്കിലും ഇതുവരെ അനുകൂലമായ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിലാണ് കേന്ദ്ര വനം മന്ത്രിയെ നേരിട്ട് കാണുന്നത്.

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഉൾപ്പെടുന്ന ജീവിയാണ് കാട്ടുപന്നി. ഇവയെ കൊല്ലുന്നത് ശിക്ഷാർഹമാണ്. എന്നാൽ ഇവയെ നിയമത്തിന്റെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചാൽ കർഷകർക്കും പൊതുജനങ്ങൾക്കും നേരിട്ട് ഇവയെ കൊല്ലാൻ സാധിക്കും.

സംസ്ഥാനത്തെ ജനപ്രതിനിധികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞശേഷം സംസ്ഥാന വനം വകുപ്പ് തയ്യാറാക്കിയ മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പിന്തുണയും മന്ത്രി അഭ്യർത്ഥിക്കും. ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ആവശ്യമാണെന്ന കാര്യവും കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തും.

സംസ്ഥാനത്തെ വനങ്ങളുടെ അതിർത്തി നിർണ്ണയിച്ച് അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് റവന്യുവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കും. നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിനും അതിർത്തി സംബന്ധിച്ച രേഖകൾ കേടുകൂടാതെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും സാധിക്കും. ഈ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നൽകിയ നിർദ്ദേശം കൂടി നടപ്പിലാക്കുന്നതിന് നാഷണൽ ഇഅങജഅയിൽ നിന്നുള്ള ധനസഹായത്തിനും അഭ്യർത്ഥിക്കും.

## സാമൂഹ്യസാമ്പത്തിക സർവേപരിശീലനം: സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

മുന്നാക്ക സമുദായങ്ങളിലെ (സംവരണേതര വിഭാഗം) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അപഗ്രഥിക്കുന്നതിനും ആവശ്യമായ വിവരശേഖരണത്തിനുമുള്ള സാമൂഹ്യ സാമ്പത്തിക സർവേയുടെയും സംസ്ഥാന തല പരിശീലന പരിപാടിയുടെയും ഉദ്ഘാടനം ഇന്ന് (നവംബർ 20) രാവിലെ 11 ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ഓഡിറ്റോറിയത്തിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും. തദ്ദേശമന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ, ഗതാഗതമന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുക്കും. മുന്നാക്ക സമുദായ സംഘടനകളുടെ പ്രതിനിധികളും തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരും അംഗങ്ങളും കൗൺസിലർമാരും പങ്കെടുക്കണമെന്ന് കമ്മീഷൻ ചെയർമാൻ അറിയിച്ചു. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും മെമ്പർമാർക്കും ഓൺലൈനായി പങ്കെടുക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. കിലയുടെ യൂട്യൂബ് ചാനൽ വഴിയും ഫേസ്ബുക്ക് പേജ് വഴിയും ഓൺലൈനായി പരിപാടിയിൽ പങ്കെടുക്കും.

## ശബരിമല മേഖലയിൽ ശക്തമായ മഴ; പമ്പ അണക്കെട്ടിൽ റെഡ് അലർട്ട്

പത്തനംതിട്ട: ശബരിമല മേഖലയിലെ ശക്തമായ മഴയെ തുടർന്ന് പമ്പ അണക്കെട്ടിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ജലനിരപ്പ് ഉയർന്ന സാഹചര്യത്തിലാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചത്. അണക്കെട്ടിൻറെ ഷട്ടറുകൾ തുറക്കാൻ സാധ്യതയുണ്ട്.

പമ്പാ നദിയുടെയും കക്കാട്ടാറിൻറെയും ഇരുകരകളിൽ താമസിക്കുന്നവരും പൊതുജനങ്ങളും ജാഗ്രത പുലർത്തണമെന്ന് കളക്ടർ ദിവ്യ എസ്. അയ്യർ അറിയിച്ചു. തീർഥാടകർ ഒരു കാരണവശാലും നദിയിൽ ഇറങ്ങരുതെന്നു ജില്ലാഭരണകൂടം മുന്നറിയിപ്പ് നൽകി.

## ക്വിസ് മത്സരം വിജയികൾ

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഗാന്ധി ജയന്തി വാരാഘോഷത്തോടനുബന്ധിച്ച് നടത്തിയ സംസ്ഥാനതല ഗാന്ധിജയന്തി ക്വിസ് മത്സരം 'യജ്ഞം 2021' ൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിൽ ശ്രീനന്ദ് സുധീഷ്, പുത്തലത്ത്, ഗവ.എച്ച്.എസ്.എസ്, സി.യു ക്യാമ്പസ്, കാലിക്കട്ട് യൂണിവേഴ്സിറ്റി ഒന്നാം സ്ഥാനവും അദ്വൈത്.എം.പ്രശാന്ത്, ഗവ.എച്ച്.എസ്.എസ്, മൈലച്ചൽ, കാട്ടാക്കട, തിരുവനന്തപുരം രണ്ടാം സ്ഥാനവും, അനുപ് രാജേഷ്, ഗവ.മോഡൽ എച്ച്.എസ്.എസ് അമ്പലപ്പുഴ, ആലപ്പുഴ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# പരിശീലന സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന ദേശിയ തൊഴിൽ സേവന കേന്ദ്രം, പട്ടികജാതി/വർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി 11 മാസം ദൈർഘ്യമുള്ള സൗജന്യ പരിശീലന പരിപാടി ഡിസംബറിൽ ആരംഭിക്കും. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, കണക്ക്, ജനറൽ നോളഡ്ജ് വിഷയങ്ങിലാണ് പരിശീലനം. കോഴ്സ് പഠിപ്പിക്കുന്ന സ്ഥാപനത്തിന് ഒരു കുട്ടിക്ക് പ്രതിമാസം 1,200 രുപ നിരക്കിൽ ഫീസ് നൽകും. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് പരിഗണിക്കുന്നത്. കോഴ്സ് നടത്താൻ താത്പര്യമുള്ള, എല്ലാവിധ സൗകര്യങ്ങളോടു കൂടിയതും ഗവ. അംഗീകൃതവും, ആദായനികുതി സംബന്ധിച്ച് റിട്ടേൺ ഫയൽ ചെയ്യുന്നതും മൂന്നു വർഷമോ അതിലധികമോ ഉള്ള പ്രവൃത്തി പരിചയവും കേന്ദ്രസർക്കാരിന്റെ വെബ്ബ്പോർട്ടലായ നാഷണൽ കരീർ സർവീസിൽ രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം.

അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളുടെ പകർപ്പും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ വിശദമായ ബയോഡേറ്റയും സഹിതം ഡിസംബർ മൂന്നിനു വൈകിട്ട് അഞ്ചിനു മുൻപ് 'സബ്റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/എസ്.റ്റി, തൈക്കാട്, തിരുവനന്തപുരം695014' എന്ന വിലാസത്തിലോ c-g-c-tvm-k-er-a-l-a@gm-a-i-l.com ലോ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2332113/ 8304009409.

# സാമൂഹിക ഐക്യത്തിലൂടെ താഴത്തട്ടിലുള്ളവരെ മുഖ്യധാരയിലേക്ക് ഉയർത്തണം: മന്ത്രി കെ. രാധാകൃഷ്ണൻ

സാമൂഹിക ഐക്യത്തിലൂടെ താഴെത്തട്ടിലുള്ളവരെ മുഖ്യധാരയിലേക്ക് ഉയർത്തേണ്ടത് പൊതുസമൂഹത്തിന്റെ കടമയാണെന്ന് പട്ടികജാതിപട്ടികവർഗ്ഗ വികസനദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ. പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് സാമൂഹ്യ ഇടപെടൽ ആവശ്യമാണെന്നും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലാഖക്കൂട്ടം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കവെ അദ്ദേഹം പറഞ്ഞു.

സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്താൻ ത്രിതല പഞ്ചായത്തുകൾക്ക് കഴിയണം. ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതി വിജയകരമായി പൂർത്തിയാക്കി വരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് വേണ്ടി നൂതന പദ്ധതികൾ ജില്ലാ പഞ്ചായത്ത് തലത്തിൽ നടത്തുന്നത് മാതൃകാപരമാണ് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജനറൽ/ബി.എസ്.സി നേഴ്സിങ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽ പെട്ട വനിതകൾക്ക് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ രണ്ടുവർഷത്തേക്ക് സ്റ്റൈപ്പന്റോടെ നിയമനം നൽകുകയാണ് മാലാഖക്കൂട്ടം പദ്ധതിയിലൂടെ. ആദ്യഘട്ടമായി 100 പേർക്കാണ് നിയമനം. നിയമനം നൽകിയവർക്കുള്ള ഉത്തരവുകൾ മന്ത്രി കൈമാറി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം. കെ.ഡാനിയേൽ അധ്യക്ഷനായി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അനിൽ എസ്. കല്ലേലിഭാഗം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. സുമലാൽ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ഡോ. പി. കെ ഗോപൻ, ജെ. നജ്ബത്ത്, വസന്ത രമേശ്, പട്ടികജാതി വികസന ഓഫീസർ എസ്. എസ്. ബീന, പഞ്ചായത്ത് സെക്രട്ടറി കെ.പ്രസാദ്, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. വസന്ത് ദാസ്, വിക്ടോറിയ ആശുപത്രി സൂപ്രണ്ട് ഡോ. കൃഷ്ണവേണി, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# സന്തോഷ് ട്രോഫി മത്സരത്തിന് ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം സൗജന്യമായി നൽകും : മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

ഭിന്നശേഷിയുള്ളവർക്ക് സൗജന്യ തൊഴിൽ പരിശീലനം

സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ (വിറ്റിസി) രണ്ടു വർഷം ദൈർഘ്യമുള്ള ബുക്ക് ബയന്റിംഗ്, ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 15 നും 30 നും മദ്ധ്യേ പ്രായമുള്ള ബധിരർ, മൂകർ, അസ്ഥിസംബന്ധമായ ശാരീരിക വൈകല്യമുള്ളവർ എന്നിവർക്ക് അപേക്ഷിക്കാം. പെൺകുട്ടികൾക്ക് താമസസൗകര്യം സൗജന്യമാണ്.

അപേക്ഷഫോം തിരുവനന്തപുരം പൂജപ്പുരയിലെ ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ലഭിക്കും. നിശ്ചിത ഫോമിലോ, വെള്ള കടലാസിലോ തയ്യാറാക്കിയ അപേക്ഷകൾ, ബയോഡേറ്റ (ഫോൺ നമ്പർ ഉൾപ്പെടെ) സഹിതം നവംബർ 26 ന് മുമ്പ് സൂപ്പർവൈസർ, ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം12 എന്ന വിലാസത്തിൽ ലഭിക്കണം. ഇന്റർവ്യൂ നവംബർ 29 രാവിലെ 11 ന്. കൂടുതൽ വിവരങ്ങൾക്ക്:0471 2343618.

# അധ്യാപക നിയമനം: അഭിമുഖം 30ന്

തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സ് പെയിന്റിംഗ് വിഭാഗത്തിൽ ലക്ചറർ ഇൻ ഗ്രാഫിക്സ് തസ്തികയിൽ താത്ക്കാലിക/ ദിവസ വേതന അടിസ്ഥാനത്തിൽ ഗസ്റ്റ് ലക്ചററെ നിയമിക്കുന്നതിന് 30ന് രാവിലെ 10 മണിക്ക് കോളേജിൽ അഭിമുഖം നടക്കും. എം.എഫ്.എ. ഗ്രാഫിക്സ് (പ്രിന്റ് മേക്കിംഗ്) ആണ് യോഗ്യത. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജനന തീയതി, അവാർഡ്, പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ളത് തെളിയിക്കുന്ന രേഖകൾ സഹിതം പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

# പശ്ചിമഘട്ട മേഖലയിലെ നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിക്കും : മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കാലവർഷക്കെടുതിയും ഉരുൾപൊട്ടൽ ഭീഷണിയും നേരിടുന്ന പശ്ചിമഘട്ട മേഖലയിലെ എല്ലാ നീർച്ചാൽ ശൃംഖലകളും ശുചിയാക്കി സുഗമമായ നീരൊഴുക്ക് വീണ്ടെടുത്ത് പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഹരിതകേരളം മിഷൻ കർമ്മ സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്ന നീർച്ചാൽ ശുചീകരണ യജ്ഞം 'ഇനി ഞാനൊഴുകട്ടെ" കാമ്പയിന്റെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെയാണ് നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനകളുടെ അജൈവ പാഴ്‌വസ്തു ശേഖരണ പ്രക്രിയ ഊർജ്ജിതമാക്കാൻ ഹരിതകേരളം മിഷനും ശുചിത്വ മിഷനും വിവിധ വകുപ്പുകളുടേയും സംസ്ഥാന ഐ.ടി. മിഷന്റേയും സഹകരണത്തോടെ നടപ്പാക്കുന്ന സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി ആദ്യഘട്ടത്തിൽ 300 പഞ്ചായത്തുകളിൽ നടപ്പാക്കും. തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കും. ഇതിനുപുറമെ ദ്രവമാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും യോഗത്തിൽ തീരുമാനിച്ചു. മാലിന്യ സംസ്കരണത്തിലൂടെ ഉണ്ടാക്കുന്ന വളം സംസ്ഥാനത്തെ കൃഷിക്ക് വ്യാപകമായി ഉപയോഗിക്കാനുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. തരിശുരഹിത പഞ്ചായത്ത്, ഹരിതസമൃദ്ധി വാർഡ് എന്നീ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കും.

കാർബൺ ന്യൂട്രൽ പഞ്ചായത്തുകൾ സൃഷ്ടിക്കുന്നതിന് കണ്ണൂർ സർവകലാശാല, ഇണഞ്ഞങ്ങ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരുടെ സഹായത്തോടെ ശാസ്ത്രീയ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും കർമ്മസമിതി യോഗം തീരുമാനിച്ചു. മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകി തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് ലക്ഷ്യം. നവകേരളം കർമ്മസമിതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ, തദ്ദേശ ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാമുരളീധരൻ എന്നിവർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വിവിധ വകുപ്പുതലവൻമാരും ആസൂത്രണ ബോർഡിലെ വിദഗ്ധരും കർമ്മസമിതി യോഗത്തിൽ പങ്കെടുത്തു.

## മേട്രൺ ഗ്രേഡ് 2 താത്ക്കാലിക ഒഴിവ്

വയനാട് ജില്ലയിലെ ഒരു സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനത്തിൽ ഈഴവ, തിയ്യ, ബില്ലവ (ഇ.ടി.ബി) വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള മേട്രൺ ഗ്രേഡ്2 (സ്ത്രീകൾ മാത്രം) തസ്തികയിൽ ഒരു താത്ക്കാലിക ഒഴിവുണ്ട്. ബി.കോം ബിരുദം ആണ് യോഗ്യത. അംഗീകൃത സ്ഥാപനത്തിൽ നിന്ന് സ്റ്റോർസ് ആന്റ് അക്കൗണ്ട് സൂക്ഷിപ്പിലും, കൈകാര്യത്തിലുള്ള രണ്ട് വർഷത്തെ തൊഴിൽ പരിചയം, രണ്ട് വർഷം തൊഴിൽ പ്രവൃത്തിപരിചയം ഉള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കുറഞ്ഞ പ്രവൃത്തിപരിചയം ഉള്ളവരെയും പരിഗണിക്കും. 1836നുമിടയിലായിരിക്കണം പ്രായം. നിയമാനുസൃത വയസ്സിളവ് ബാധകം (സ്ത്രീകൾ മാത്രം). ശമ്പളം 2650060700 രൂപ. നിശ്ചിത യോഗ്യതയും തൊഴിൽ പരിചയവുമുള്ള ഈഴവ, തിയ്യ, ബില്ലവ, വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 6 നകം സമീപത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. സ്വകാര്യ മേഖലയിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അധികാരികൾ മേലൊപ്പ് വയ്ക്കണം.




ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലാഖക്കൂട്ടം പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി കെ. രാധാകൃഷ്ണൻ നിർവഹിക്കുന്നു

# അതിർത്തിയിൽ വീണ്ടും ചൈനയുടെ നിർമാണം

ന്യൂഡൽഹി: അരുണാചൽ അതിർത്തിയിൽ ആശങ്ക ഉയർത്തി വീണ്ടും ചൈനയുടെ നിർമാണപ്രവർത്തനം. അരുണാചൽ അതിർത്തിയിൽ ചൈന നേരത്തേ നിർമിച്ച ഗ്രാമത്തിൽനിന്ന് 93 കിലോമീറ്റർ അകലെയാണ് ഇപ്പോൾ 60 കെട്ടിടങ്ങളുടെ സമുച്ചയം നിർമിച്ചിരിക്കുന്നത്.

യഥാർഥ നിയന്ത്രണരേഖയായി ഇന്ത്യ കണക്കാക്കുന്നതിനു പുറത്താണ് പുതിയ നിർമിതികളെങ്കിലും ഇത് മക്മഹോൻ അതിർത്തിക്കും ഇന്ത്യയുടെ സർവേ പരിധിക്കും ഉള്ളിലാണെന്നാണ് ഉപഗ്രഹ ചിത്രങ്ങളിൽനിന്നു വ്യക്തമാകുന്നത്. നേരത്തേ അരുണാചലിലെ അപ്പർ സുബാൻസിരി ജില്ലയിലെ സാരി ഷു നദീതീരത്ത് വീടുകൾ നിർമിച്ചതിൻറെ ചിത്രങ്ങളും പുറത്തുവന്നിരുന്നു. അപ്പർ സുബാൻസിരി ജില്ലയിൽനിന്ന് 93 കിലോമീറ്റർ കിഴക്ക് മാറി ഷി യോമി ജില്ലയിലാണ് ഇപ്പോൾ സൈനികഗ്രാമം കണ്ടെത്തിയിരിക്കുന്നത്.

ഇന്ത്യൻ അതിർത്തിക്കുള്ളിൽ യഥാർഥ നിയന്ത്രണ രേഖയിൽനിന്ന് ആറു കിലോമീറ്റർ ഉള്ളിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് 2019 വരെ ഇത്തരം നിർമിതികൾ ഉണ്ടായിരുന്നില്ല. ഇന്ത്യയുടെ അതിർത്തി സംബന്ധിച്ച അവകാശവാദങ്ങളെ അട്ടിമറിക്കുന്നതാണ് ചൈനയുടെ പുതിയ നിർമാണം. എന്നാൽ, ചൈനയുടെ ഭാഗത്താണ് പുതിയ നിർമാണ പ്രവർത്തനങ്ങളെന്നാണ് അനൗദ്യോഗിക വിശദീകരണം. ഗൽവാൻ താഴ്‌വരയിൽ സംഘർഷമുണ്ടായതിനു ശേഷം ചൈനയുടെ ഭാഗത്തുനിന്നുള്ള ഏത് നീക്കവും അന്താരാഷ്ട്ര തലത്തിൽ പോലും ഏറെ ആശങ്കയോടെയാണ് വീക്ഷിക്കുന്നത്.

191314 കാലഘട്ടത്തിൽ ബ്രിട്ടീഷ് ഇന്ത്യയിൽ ചൈനയും ടിബറ്റും തമ്മിൽ ഉണ്ടാക്കിയ മക്മഹോൻ രേഖ ചൈന ഇപ്പോൾ അംഗീകരിക്കുന്നില്ല. ചൈനയ്ക്കും ഭൂട്ടാനും ഇടയിലുള്ള സ്ഥലത്ത് കഴിഞ്ഞ വർഷം മുതൽ നൂറു ചതുരശ്ര കിലോമീറ്റർ വിസ്തൃതിക്കുള്ളിൽ നാലു ചൈനീസ് ഗ്രാമങ്ങൾ നിർമിച്ചതായാണു വിവരം. ഈ മേഖലയിൽ ചൈനയും ഭൂട്ടാനും തമ്മിൽ ദോഖ്‌ല അതിർത്തി തർക്കം നിലനിൽക്കുന്നുമുണ്ട്. ടിബറ്റൻ മേഖലയിൽ ചൈന വ്യാപകമായി ഹെലിപോർട്ടുകൾ നിർമിക്കുന്നതായും റിപ്പോർട്ടുകൾ ഉണ്ട്. നേരത്തേ അരുണാചൽ അതിർത്തിക്കുള്ളിൽ ചൈന നൂറോളം വീടുകൾ ഉൾപ്പെടുന്ന ഗ്രാമം നിർമിച്ചതായി അമേരിക്കൻ പ്രതിരോധ മന്ത്രാലയം പുറത്തു വിട്ട വിവരം അരുണാചൽ സർക്കാർ പ്രതിനിധികൾ ശരിവച്ചിരുന്നു

## മേട്രൺ താത്ക്കാലിക ഒഴിവ്

വയനാട് ജില്ലയിലെ ഒരു സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനത്തിൽ ഈഴവ, തിയ്യ, ബില്ലവ (ഇ.ടി.ബി) വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള മേട്രൺ ഗ്രേഡ്-2 (സ്ത്രീകൾ മാത്രം) തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. ബി.കോം ബിരുദവും അംഗീകൃത സ്ഥാപനത്തിൽ നിന്നും സ്റ്റോർസ് ആൻഡ് അക്കൗണ്ട് സൂക്ഷിപ്പിലും, കൈകാര്യത്തിലുമുള്ള രണ്ടു വർഷത്തെ തൊഴിൽ പരിചയവുമാണ് യോഗ്യത. രണ്ടു വർഷം തൊഴിൽ പ്രവർത്തിപരിചയം ഉള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കുറഞ്ഞ പ്രവർത്തിപരിചയം ഉള്ളവരെയും പരിഗണിക്കും. വയസ്: 18-36 നിയമാനുസൃത വയസ്സിളവ് ബാധകം (സ്ത്രീകൾ മാത്രം). ശമ്പളം: 26500-60700 രൂപ. ഈ യോഗ്യതയും തൊഴിൽ പരിചയവുമുള്ള ഈഴവ, തിയ്യ, ബില്ലവ, വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ ആറിനകം ഏറ്റവും അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം.

# പരിശീലന സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന ദേശിയ തൊഴിൽ സേവന കേന്ദ്രം, പട്ടികജാതി/വർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി 11 മാസം ദൈർഘ്യമുള്ള സൗജന്യ പരിശീലന പരിപാടി ഡിസംബറിൽ ആരംഭിക്കും. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട് ഹാന്റ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, കണക്ക്, ജനറൽ നോളഡ്ജ് വിഷയങ്ങളിലാണ് പരിശീലനം. കോഴ്സ് പഠിപ്പിക്കുന്ന സ്ഥാപനത്തിന് ഒരു കുട്ടിക്ക് പ്രതിമാസം 1,200 രുപ നിരക്കിൽ ഫീസ് നൽകും. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് പരിഗണിക്കുന്നത്. കോഴ്സ് നടത്താൻ താത്പര്യമുള്ള, എല്ലാവിധ സൗകര്യങ്ങളോടു കൂടിയതും ഗവ. അംഗീകൃതവും, ആദായനികുതി സംബന്ധിച്ച് റിട്ടേൺ ഫയൽ ചെയ്യുന്നതും (0അച/ജഅച ചീ.) മൂന്നു വർഷമോ അതിലധികമോ ഉള്ള പ്രവൃത്തി പരിചയവും കേന്ദ്രസർക്കാരിന്റെ വെബ്പോർട്ടലായ നാഷണൽ കരീർ സർവീസിൽ (൦൦൦.ിരെ.ഴീ.ശി) രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളുടെ പകർപ്പും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ വിശദമായ ബയോഡേറ്റയും സഹിതം ഡിസംബർ മൂന്നിനു വൈകിട്ട് അഞ്ചിനു മുൻപ് 'സബ്-റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/എസ്.റ്റി, തൈക്കാട്, തിരുവനന്തപുരം-695014' എന്ന വിലാസത്തിലോ രഴര്ീസ ലൃമഹമ@ഴാമശഹ.രീ ലോ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2332113/ 8304009409.

## ഭിന്നശേഷിയുള്ളവർക്ക് സൗജന്യ തൊഴിൽ പരിശീലനം

സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ (വിറ്റിസി) രണ്ടു വർഷം ദൈർഘ്യമുള്ള ബുക്ക് ബയന്റിംഗ്, ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 15 നും 30 നും മദ്ധ്യേ പ്രായമുള്ള ബധിരർ, മൂകർ, അസ്ഥിസംബന്ധമായ ശാരീരിക വൈകല്യമുള്ളവർ എന്നിവർക്ക് അപേക്ഷിക്കാം. പെൺകുട്ടികൾക്ക് താമസസൗകര്യം സൗജന്യമാണ്. അപേക്ഷ ഫോം തിരുവനന്തപുരം പൂജപ്പുരയിലെ ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ലഭിക്കും. നിശ്ചിത ഫോമിലോ, വെള്ള കടലാസിലോ തയ്യാറാക്കിയ അപേക്ഷകൾ, ബയോഡേറ്റ (ഫോൺ നമ്പർ ഉൾപ്പെടെ) സഹിതം നവംബർ 26 ന് മുമ്പ് സൂപ്പർവൈസർ, ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്:0471 2343618.

# സന്തോഷ് ട്രോഫി മത്സരത്തിന് ജവഹർലാൽ നെഹ്രു ഇന്റർനാഷണൽ സ്റ്റേഡിയം സൗജന്യമായി നൽകും

കേരള ഫുട്ബോൾ അസോസിയേഷൻ ആതിഥ്യമരുളുന്ന ഇത്തവണത്തെ സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് വിശാലകൊച്ചി വികസന അതോറിറ്റിയുടെ ജവഹർലാൽ നെഹ്രു ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയം സൗജന്യമായി അനുവദിക്കുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. 2021 നവമ്പർ 28ന് ആരംഭിക്കുന്ന സന്തോഷ് ട്രോഫി ദക്ഷിണമേഖല ഫുട്ബോൾ മത്സരത്തിനായി കേരള ഫുട്ബോൾ അസോസിയേഷൻ ആവശ്യപ്പെട്ടത് പ്രകാരമാണ് വാടക ഒഴിവാക്കി നൽകാനുള്ള ഉത്തരവിറക്കിയതെന്ന് മന്ത്രി പറഞ്ഞു. അസോസിയേഷന്റെ അഭ്യർത്ഥന പ്രകാരം 14ഇന സൗകര്യങ്ങൾ നൽകുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## അദ്ധ്യാപക ഒഴിവ്

തിരുവനന്തപുരം, പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനിയറിങ് കോളേജിൽ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, സിവിൽ എൻജിനിയറിങ് എന്നീ വകുപ്പുകളിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപക ഒഴിവുകളിൽ നിയമനത്തിന് നവംബർ 24ന് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തും. അതാതു വിഷയങ്ങളിൽ എ.ഐ.സി.റ്റി.ഇ. അനുശാസിക്കുന്ന യോഗ്യത ഉള്ളവർക്ക് അദ്ധ്യാപകർക്കുള്ള എഴുത്തുപരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കാം. അപേക്ഷകൾ നവംബർ 23ന് വൈകുന്നേരം നാലു മണിക്ക് മുൻപ് ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. യോഗ്യതയുള്ള അപേക്ഷകർ 24ന് കോളേജ് ഓഫീസിൽ ഹാജരാകണം.

## ഊർജ സംരക്ഷണ സെമിനാർ നടത്തും

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ദേശീയ ഊർജ സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഊർജ സംരക്ഷണ സെമിനാറുകൾ സംഘടിപ്പിക്കും. വൈദ്യുത വാഹനങ്ങളും വൈദ്യുത പാചകവും പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട 'ഗോ ഇലക്ട്രിക്ക് ക്യാംപയിൻ' മുൻ നിർത്തിയാണ് പരിപാടികൾ നടത്തുന്നത്.

സർക്കാർ ഓഫീസുകൾ, പൊതു മേഖല സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, മറ്റ് സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് പരിപാടിയുടെ സംഘാടകരാകാം. ബോധവത്ക്കരണ സെമിനാറുകൾ നടത്തുന്ന സംഘാടകർക്ക് ഇ.എം.സി സാമ്പത്തിക സഹായം നൽകും. ക്ലാസുകൾ സംഘടിപ്പിക്കാൻ താത്പ്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർക്കുള്ള വിശദ വിവരങ്ങൾ ഇ.എം.സി വെബ്സൈറ്റിൽ ലഭിക്കും.

# സാമൂഹ്യ- സാമ്പത്തിക സർവേ പരിശീലനം: സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

മുന്നാക്ക സമുദായങ്ങളിലെ (സംവരേണതര വിഭാഗം) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അപഗ്രഥിക്കുന്നതിനും ആവശ്യമായ വിവരശേഖരണത്തിനുമുള്ള സാമൂഹ്യ സാമ്പത്തിക സർവേയുടെയും സംസ്ഥാന തല പരിശീലന പരിപാടിയുടെയും ഉദ്ഘാടനം ഇന്ന് (നവംബർ 20) രാവിലെ 11 ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ഓഡിറ്റോറിയത്തിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും. തദ്ദേശമന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ, ഗതാഗതമന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുക്കും. മുന്നാക്ക സമുദായ സംഘടനകളുടെ പ്രതിനിധികളും തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരും അംഗങ്ങളും കൗൺസിലർമാരും പങ്കെടുക്കണമെന്ന് കമ്മീഷൻ ചെയർമാൻ അറിയിച്ചു. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും മെമ്പർമാർക്കും ഓൺലൈനായി പങ്കെടുക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. കിലയുടെ യൂട്യൂബ് ചാനൽ വഴിയും (h-ttp-s://www.you-tu-b-e.com/k-i-l-a-tcr/l-iv-e) t^-kv-_p-¡v t]-Pv h-gn-bpw (h-ttp-s://www.f-a-c-e-boo-k.com/k-i-l-a-tcr/l-iv-e) ഓൺലൈനായി പരിപാടിയിൽ പങ്കെടുക്കും.

## ആർ.സി.സിയിൽ കരാർ നിയമനം

റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. ഡിസംബർ 8ന് വൈകിട്ട് മൂന്ന്മണിയാണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി.




ചാണപ്പാറ സർഗദായിനി ഗ്രന്ഥശാലയിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽ കൃഷി പരിശീലന പരിപാടി മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു

# 5754 പേർക്ക് കോവിഡ്; ഇന്നും 49 മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 5754 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 63,534 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.05 ശതമാനമാണ്.

ഇന്ന് 49 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ അപ്പീൽ നൽകിയ 155 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 37,051 ആയി.

5382 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. അതിൽ 310 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 25 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

നിലവിൽ 61,348 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 6489 പേർ രോഗമുക്തരായി. 49,90,817 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. 37 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ചവർ ജില്ലതിരിച്ച്

എറണാകുളം1109, തിരുവനന്തപുരം929, കോഴിക്കോട് 600, തൃശൂർ530, കോട്ടയം 446, കൊല്ലം379, കണ്ണൂർ335, പത്തനംതിട്ട301, ഇടുക്കി262, വയനാട്209, പാലക്കാട്199, മലപ്പുറം191, ആലപ്പുഴ181, കാസർഗോഡ്83.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.